# THE VOICE

DECEMBER 2016

## OF C.S.I. CHRIST CHURCH
## KODUKULANJI



*MERRY CHRISTMAS*

**2016-ലെ കുറിവാക്യം**

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു.

വെളിപ്പാട് – 21:1

# BICENTENARY THANKS GIVING SERVICE
# &
# VISIT OF RT. REV. DR.PRAKASH D. PATOLE
## (BISHOP IN C.N.I MUMBAI DIOCESE)
## ON SUNDAY 13th NOVEMBER 2016







## Vicar



Rev. Sam Mathew K.
Christ Church Parsonage
Kodukulanji P.O.
Chengannur- 689 508
Phone: 0479 2369223 (M): 9207626959
7506453287
email:smkavungal@hotmail.com

## Senior Presbyters

| | |
|---|---|
| Rev. Chandy Jose | 2369960 |
| Rev. Abraham Kuruvilla | 9497686517 |

## Church Wardens

| | |
|---|---|
| Mr. Chandy C. George | 9496912157 |
| Mr. Koshy Varghese | 9633875090 |

## Church Secretary

| | |
|---|---|
| Mr. Joseph John | 9447597521 |

## Church Committee Members

| | |
|---|---|
| Mrs. Cicily Alexander | 9447438675 |
| Mrs. Elsa Thomas | 9446629780 |
| Mr. A.J. George | 9400140489 |
| Mr. Ninan Benny Varghese | 9447896063 |
| Mr. Ninan Samuel | 9447908751 |
| Mrs. Ponnamma Idiculla | 9447709715 |

## Diocesan Council Members

| | |
|---|---|
| Mr. Cherian George | 9446715171 |
| Prof. George Jacob | 9847617700 |
| Mr. John Philip | 9496333353 |
| Dr. Gigy Sara George | 9847302128 |
| Mr. Sunil Jacob John | 0479 2352481 |

## Church Sextons

| | |
|---|---|
| Mr. M.M. Mathai | 9447949024 |
| Mr. D.K. Thomas | 8547283822 |

# THE VOICE

## December 2016

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |


## Editorial Board

Rev. Sam Mathew K.
(Chief Editor)

Mr. Chandy C. George

Mr. Cherian George

Mr. Joseph K. John

Mr. Koshy Varghese

# ഇടവകപ്പട്ടക്കാരന്റെ കത്ത് .......

കർത്താവിൽ പ്രിയരെ,

"ദൂതൻ അവരോട് ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു." (ലൂക്കോസ് 2:10-11)

വചനം നമ്മെ ഓർപ്പിക്കുന്നത് ക്രിസ്തുമസ് സർവ്വജനത്തിനുമുള്ള മഹാ സന്തോഷമാണ്. അത് ക്രൈസ്തവ മതവിശ്വാസികൾക്ക് മാത്രമുള്ളതല്ല, കാലിതൊഴുത്തിൽ അവതരിച്ച യേശു ദേവനെ കണ്ടുമുട്ടുന്ന ഏവർക്കും ഈ മഹാസന്തോഷം അനുഭവമാകും. ലൂക്കോസ് വിശേഷിപ്പിക്കുന്ന ഈ മഹാസന്തോഷം മനുഷ്യന് ഈ ലോകത്തിൽ ലഭിക്കാവുന്ന ഏറ്റവും വിലയേറിയ സന്തോഷമാണ്. ആ മഹാസന്തോഷം വ്യക്തിജീവിതത്തിൽ അനുഭവിക്കുവാനുള്ള അവസരമാണ് ഓരോ ക്രിസ്തുമസും നമുക്ക് നൽകുന്നത്. യഥാർത്ഥ സന്തോഷത്തോടെയുള്ള ക്രിസ്തുമസ് നമ്മുടെ അനുഭവമാണോ?

**മഹാസന്തോഷം എന്നാൽ എന്ത്?**

സർവ്വജനത്തിനുമുള്ള മഹാസന്തോഷത്തിന്റെ ദൂത് മാനവരെ അറിയിക്കുമ്പോൾ ദൂതന്മാർ പാടുന്നത് "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം" എന്നാണ്. ഈ വാക്കുകൾ സൂചിപ്പിക്കുന്നത് ഈ മഹാസന്തോഷം ദൈവം നൽകുന്നതാണ്. ഇത് ദൈവീകമായ പരിശുദ്ധവും കപടമില്ലാത്തതുമായ ദൈവദാനമാണ്. ഈ മഹാസന്തോഷം ലോകത്തിനോ ലൗകീക ആഘോഷങ്ങൾക്കോ നൽകുവാൻ സാദ്ധ്യമല്ല എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.

**ക്രിസ്തുജനനം മഹാസന്തോഷമായി തീരുന്നതെങ്ങനെ?**

1) തിരുജനനത്തിലൂടെ നാം കാണുന്നത് പാപമൂലം ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യനെ തേടിവരുന്ന ദൈവത്തെയാണ്. ദൈവം മനുഷ്യ നായി ജഡാവതാരം എടുക്കുമ്പോൾ ഏദനിൽ മനുഷ്യന് നഷ്ടമായ ദിവ്യ സംസർഗ്ഗം തിരികെ ലഭിക്കുകയാണ്. സർവ്വശക്തനായ ദൈവം നമ്മെ സ്നേഹിച്ച് നമ്മിൽ ഒരുവനായി തീരുന്ന യാഥാർത്ഥ്യം അനുഭവിക്കു ന്നവർക്ക് ഇത് മഹാസന്തോഷമായി തീരുകയാണ്.

2) കാലിതൊഴുത്തിൽ പിറന്നിരിക്കുന്നത് മാനവരാശിയുടെ രക്ഷകനാണ്! വചനം വ്യക്തമാക്കുന്നു. "നിങ്ങൾക്കായ് ഒരു രക്ഷിതാവ്

കാലിത്തൊഴുത്തിൽ അവതരിച്ചിരിക്കുന്നു." മനുഷ്യരുടെ രക്ഷയ്ക്കായി മനുഷ്യനായി ദൈവം അവതരിക്കുന്നത് നമുക്ക് മഹാ സന്തോഷം നൽകുന്നു.

**മഹാസന്തോഷം നമ്മുടെ അനുഭവമായിതീരുന്നത് എങ്ങനെ?**

യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നവർക്ക് മാത്രമേ തിരുപ്പിറവി മഹാസന്തോഷമാകുകയുള്ളു. ഇന്ന് ക്രിസ്തുമസ് വെറും ബാഹ്യപ്രകടനങ്ങളും ആഘോഷങ്ങളുമാണ്. യഥാർത്ഥ സന്തോഷത്തോടെ ക്രിസ്മസ് ആഘോഷിക്കുവാൻ എത്രപേർക്ക് സാധിക്കുന്നുണ്ട്? ക്രിസ്തുമസ് അകമേ അനുഭവിക്കുന്ന മഹാ സന്തോഷമാണ്. ഈ ക്രിസ്തുമസിനെങ്കിലും ഈ മഹാസന്തോഷം നമ്മുടെ അനുഭവമാകട്ടെ. അതിന് ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ ജന്മമെടുക്കട്ടെ. ക്രിസ്തുവിനെ ഹൃദയങ്ങളിൽ സ്വീകരിക്കാം, മാനസാന്തര ജീവിതം നയിക്കാം.

സന്തോഷകരമായ ക്രിസ്തുമസ് ആശംസിച്ചുകൊണ്ട്

പ്രാർത്ഥനയോടെ,
**റവ. സാം മാത്യു അച്ചൻ**
(ഇടവക പട്ടക്കാരൻ)

## വാർത്തകളും കുറിപ്പുകളും

__പ്രതിവാര ആരാധനകളും യോഗങ്ങളും__

| | | | |
|---|---|---|---|
| 4-12-2016 | ബൈബിൾ ഞായർ വി.സംസർഗ്ഗം | കോടുകുളഞ്ഞി | 10.00 എ.എം. |
| 11-12-2016 | ഞായർ വി. സംസർഗ്ഗം | കുതിരവട്ടം | 10.30 എ.എം. |
| 18-12-2016 | ഞായർ വി.സംസർഗ്ഗം | കോടുകുളഞ്ഞി | 10.00എ.എം. |
| 25-12-2016 | ക്രിസ്തുമസ് വി.സംസർഗ്ഗം | കോടുകുളഞ്ഞി | 5.00 എ.എം. |
| | | " | 8.00 എ.എം. |
| 31-12-2016 | വർഷാവസാനം വി. സംസർഗ്ഗം | കോടുകുളഞ്ഞി | 11.30 പി.എം. |
| 01-01-2017 | പുതുവത്സരം വി.സംസർഗ്ഗം | കോടുകുളഞ്ഞി | 7.30 എ.എം |

**വിശുദ്ധസംസർഗ്ഗം:-** വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾക്കും രോഗികൾക്കുമുള്ള വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ ഡിസംബർ 10 ശനിയാഴ്ച രാവിലെ 7.30ന് നടത്തപ്പെടുന്നതാണ്.

**വിശുദ്ധവിവാഹം:-** നെടുവക്കാട്ട് പുത്തൻവീട്ടിൽ നെബു റ്റി. ജോയിയും തടത്തിവിള പുത്തൻവീട്ടിൽ ബിജിയും കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചു. ഇടവകയുടെ ആശംസകൾ നേരുന്നു.

**ഉപവാസ പ്രാർത്ഥന:-** ഇടവകയുടെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥന ഡിസംബർ 7, 8, 9 (ബുധൻ, വ്യാഴം, വെള്ളി) ദിവസങ്ങളിൽ നടത്തപ്പെടുന്നതാണ്. ഇവാ. കെ. സി. ഏബ്രഹാം, ഡോ. ബഞ്ചമിൻ ജോർജ്, ശ്രീ. റിനോഷ് ടോം വർഗീസ് എന്നിവർ നേതൃത്വം നൽകുന്നതാണ്. ദിവസവും രാവിലെ 10ന് ആരംഭിക്കുന്ന ഈ പ്രാർത്ഥനയിൽ എല്ലാവരും സംബന്ധിക്കണമെ.

**ബഥേൽ ദിനം:-** ഡിസംബർ 10ന് നടത്തപ്പെടുന്ന ബഥേൽ ദിന പരിപാടികളിലും ശുശ്രൂഷകളിലും എല്ലാ സ്ത്രീജനസഖ്യാംഗങ്ങളും പങ്കെടുക്കണമെന്ന് ഓർപ്പിക്കുന്നു.

**ക്രിസ്തുമസ് കരോൾ സർവ്വീസ്:-** നമ്മുടെ ഈ വർഷത്തെ ക്രിസ്തുമസ് കരോൾ സർവ്വീസ് ഡിസംബർ 23-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.30ന് ദേവാലയത്തിൽ നടത്തപ്പെടുന്നതാണ്. ശ്രീ. വിജയ് ജോർജ്ജ് കുരുവിള (റീജണൽ ഡയറക്ടർ എൽ & ഡി. എച്ച് ആർ. ഏഷ്യാപസഫിക്ക് മിഡിൽ ഈസ്റ്റ്, ബോസ്റ്റൺ സൈന്റിഫിക്ക്) ക്രിസ്തുമസ് ദൂത് നൽകുന്നതാണ്. നമ്മുടെ ഗായകസംഘത്തെ പ്രാർത്ഥനയിൽ ഓർക്കണമേ.

**ക്രിസ്തുമസ് ആരാധന:-** ക്രിസ്തുമസ് ആരാധനയും വിശുദ്ധ സംസർഗ്ഗവും രാവിലെ 5.00നും 8.00നും നടത്തപ്പെടുന്നതാണ്.

**വർഷാവസാന ആരാധനയും ഉടമ്പടി ശുശ്രൂഷയും:-**
31-ാം തീയതി രാത്രി 10.30 മുതൽ 11.15 വരെ സാക്ഷ്യത്തിനുള്ള സമയമാണ്. എല്ലാവരും ദൈവം നൽകിയ നന്മകളെ സാക്ഷിപ്പാൻ ഒരുങ്ങണമേ. 11.30 പി.എം. മുതൽ വി. സംസർഗ്ഗ ശുശ്രൂഷയും തുടർന്ന് ഉടമ്പടി ശുശ്രൂഷയും നടത്തപ്പെടുന്നതാണ്.

**പുതുവർഷദിന ആരാധന:-** വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ രാവിലെ 7.30ന് നടത്തപ്പെടുന്നതാണ്. എല്ലാവരും പ്രാർത്ഥനയോടെ സംബന്ധി ക്കണമേ.

**കുതിരവട്ടം ആരാധന:-** ഡിസംബർ മുതൽ കുതിരവട്ടം സഭയിലെ വി. സംസർഗ്ഗ ശുശ്രൂഷ എല്ലാ 2-ാം ഞായറാഴ്ചകളിൽ രാവിലെ 7.30ന് നടത്തപ്പെടുന്നതാണ്.

**യൂണിയൻ കൺവൻഷൻ:-** കോടുകുളഞ്ഞി പ്രദേശത്തുള്ള ക്രൈസ്തവ സഭകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന യൂണിയൻ കൺവൻഷൻ ഡിസംബർ 26 മുതൽ നമ്മുടെ പാരീഷ് ഹാളിൽ നടത്തപ്പെടുന്നതാണ്.

**ജില്ലാ കൺവൻഷൻ:-** കോടുകുളഞ്ഞി വൈദിക ജില്ലാ കൺവൻഷൻ 2017 ജനുവരി 5 മുതൽ 7 വരെ നമ്മുടെ പാരീഷ് ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. 8-ാം തീയതി കുടുംബ സംഗമവും ആരാധനയും നടത്തപ്പെടും. റൈറ്റ് റവ. തോമസ് കെ. ഉമ്മൻ തിരുമേനി നേതൃത്വം നൽകും.

## സ്ത്രീജനസഖ്യം

ഡിസംബർ 10-ാം തീയതി നടത്തുന്ന ബഥേൽദിന സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള സഖ്യാംഗങ്ങൾ ഡിസംബർ 8-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ വിവരം അറിയിക്കണം എന്ന് താലപര്യപ്പെടുന്നു.

മുൻ വർഷത്തെപ്പോലെ ക്രിസ്തുമസിനോട് ചേർന്ന് വിപണനമേള നടത്തുന്നതിന് ആഗ്രഹിക്കുന്നു. അതിനായി ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**ഡിസംബർ മാസത്തിലെ പ്രാർത്ഥനകൾ**

1) 6-ാം തീയതി ചൊവ്വാഴ്ച 2.30ന് കാർത്തികപ്പള്ളിപീടികയിൽ
ശ്രീമതി അന്നമ്മ കുര്യന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം 9

2) 13-ാം തീയതി ചൊവ്വാഴ്ച 2.30ന് ചെങ്കൽ
ശ്രീമതി ബെസി ജോണിന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം 10

3) 20-ാം തീയതി ചൊവ്വാഴ്ച 2.30ന് മണലേൽ വീട്ടിൽ വടക്കതിൽ
ശ്രീമതി റേച്ചൽ ഉമ്മന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം 10

4) 27-ാം തീയതി ചൊവ്വാഴ്ച 2.30ന് ചേനത്തറ
ശ്രീമതി മോളി ജോണിന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം 13

*സെക്രട്ടറി*
ഇട്ടി ചെറിയാൻ

## ആത്മായ സംഘടന

"യഹോവയ്ക്ക് സ്തോത്രം ചെയ്വിൻ അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കും ഉള്ളതാകുന്നു.." സങ്കീ118:29

ഇടവകയിലെ അസുഖത്തിലും വാർദ്ധക്യ സഹജമായ പ്രയാസത്തിലും കഴിയുന്നവരുടെ ചില ഭവനങ്ങൾ സന്ദർശിക്കുവാനും അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും കഴിഞ്ഞു. എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച ആരാധന കഴിഞ്ഞ് പാരീഷ് ഹാളിൽ വച്ച് നടക്കുന്നതായ ആത്മായ സംഘടനയുടെ യോഗത്തിൽ പ്രാർത്ഥനയോടു കൂടെ പങ്കെടുക്കേണമേ. നവംബർ മാസം 12, 13 തീയതികളിൽ കോട്ടയത്തു വച്ചു നടന്നതായ മിഷനറി ആഗമന ദ്വിശതാബ്ദി ആഘോഷങ്ങളിൽ സഭയായി പങ്കെടുക്കുവാൻ സാധിച്ചു.

2016-2017 ലെ അംഗത്വം പുതുക്കി ആത്മായ സംഘടനയിൽ ചേർന്നു പ്രവർത്തിക്കുവാൻ തക്കവണ്ണം ഓരോ പ്രാർത്ഥനഭാഗം ലീഡേഴ്സിന്റെ പക്കലോ സെക്രട്ടറിയുടെ പക്കലോ പേരുകൾ ഏല്പിക്കേണമെ.

ആത്മായ സംഘടനയ്ക്കു വേണ്ടി
ഇട്ടി ചെറിയാൻ *(സെക്രട്ടറി)*

**പ്രീമാരിറ്റൽ കൗൺസിലിങ്**

ഡിസംബർ മാസം പ്രീമാരിറ്റൽ കൗൺസിലിംങ് 1,2,3 തീയതികളിലും 15,16,17 തീയതികളിലും ഓതറ ഇക്കോ സ്പിരിചാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

ഫോൺ: 0481 2566374, 9605649146

## ആദ്യഫലപെരുന്നാൾ

നന്ദി: ഈ വർഷത്തെ ആദ്യഫലപെരുന്നാളിൽ സഹകരിച്ച എല്ലാവരുരോടും, വിശിഷ്യാ സ്തോത്രാർപ്പണ ദാനം അർപ്പിച്ചവരോടും ലേല സാധനങ്ങൾ നൽകിയവരോടും ലേലം വിളിച്ചവരോടും ഭക്ഷണ ക്രമീകരണങ്ങളിൽ സഹകരിച്ചവരോടും ചർച്ച് കമ്മറ്റിയോട് ചേർന്ന് എല്ലാ ക്രമീകരണങ്ങളിലും സഹകരിച്ചവരോടുമുള്ള നന്ദി അറിയിക്കുന്നു. ഇതുവരെ ലഭിച്ച വരവ്- സ്തോത്രദാനം- 1,98520/- സാധനങ്ങൾക്ക് പകരമായി ലഭിച്ചത് 27150/- ലേലം 2,05330/- (പിരിഞ്ഞ് കിട്ടേണ്ട തുക -79650/-) സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

# 2016 ഡിസംബർ മാസത്തെ പഞ്ചാംഗം

**04 12 2016** **ആഗമനത്തിൽ 2–ാം ഞായർ ബൈബിൾ ഞായർ**

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

യിര 36:1–10 എബ്രാ. 4:11–13

സങ്കീ. 118: 89–96 ലൂക്കോ 1:5–17

**11 12 2016** **ആഗമനത്തിൽ 3–ാം ഞായർ**

ഇമ്മാനുവേലിനെക്കുറിച്ചുള്ള വാഗ്ദത്തം

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

യെശ 7:10–17 1 പത്രോ. 3:8–16

സങ്കീ. 98 മത്താ 1:18–25

**18 12 2016** **ആഗമനത്തിൽ 4–ാം ഞായർ**

ഒരുങ്ങുക-കർത്താവ് വരുന്നു.

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

മീഖ 4:1–5 1 യോഹ. 4:7–21

സങ്കീ. 126 യോഹ 4:21–37

**23 12 2016** **ക്രിസ്തുമസ് കരോൾ**

ആരാധന, ഗാനശുശ്രൂഷ വൈകിട്ട് 6.30 ന്

**25 12 2016** **ക്രിസ്തുമസ്**

ക്രിസ്തുമസ് കൃപമേൽ കൃപ

ആരാധന, വിശുദ്ധസംസ്സർഗം രാവിലെ 5.00നും, 8.00നും

ആവ 6:1–9 എഫേ. 2:4–9

സങ്കീ. 20 മത്താ 2:13–23

**31 12 2016** **വർഷാവസാനം**

വരിക: ദൈവം നല്ലവനാകുന്നു.

ആരാധന, വിശുദ്ധ സംസ്സർഗം രാത്രി 11.30 ന്

നഹൂം 1:1–5 1 പത്രോ. 2:1–10

സങ്കീ. 34:1–10 യോഹ 7:37–39

**01 01 2017** **പുതുവർഷം**

എല്ലാത്തിനോടുമുള്ള ദൈവത്തിന്റെ ഉടമ്പടി തുടർച്ച

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 7.30 ന്

ഉല്പത്തി 9:8–17 ഗലാ 4:21–31

സങ്കീ. 145 ലൂക്കോ 2:15–21